# സെക്രട്ടറി (CPV&OIA) ശ്രീ. മുക്തേഷ് കെ. പർദേശിയുടെ ഔദ്യോഗിക സൗദി അറേബ്യ സന്ദർശനം (മേയ് 04-07, 2024)

മേയ് 08, 2024

വിദേശകാര്യ സെക്രട്ടറി (CPV&OIA) ശ്രീ. മുക്തേഷ് കെ. പർദേശി 2024 മേയ് 4 മുതൽ 7 വരെയുള്ള തീയതികളിൽ സൗദി അറേബ്യയിൽ ഔദ്യോഗിക സന്ദർശനം നടത്തി. ഇന്ത്യയും സൗദി അറേബ്യയും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം ശക്തിപ്പെടുത്തുക ലക്ഷ്യമിട്ടായിരുന്നു സന്ദർശനം.

2. സന്ദർശന വേളയിൽ, ജിദ്ദയിലും മദീനയിലും 2024 ഹജ്ജിനുള്ള ഒരുക്കങ്ങൾ അദ്ദേഹം അവലോകനം ചെയ്തു. ഹജ് ഉപമന്ത്രി ഡോ. അബ്ദുൾ ഫത്ത മഷാത്തുമായി കൂടിക്കാഴ്ച നടത്തിയ സെക്രട്ടറി തീർത്ഥാടകരുടെ ക്ഷേമവും സൗകര്യവും ലക്ഷ്യമിട്ടുള്ള ലോജിസ്റ്റിക് ക്രമീകരണങ്ങളും അടിസ്ഥാന സൗകര്യ വികസനങ്ങളും ചർച്ച ചെയ്തു. 2024-ലെ ഹജ്ജ് ക്വാട്ടയിൽ ഈ വർഷം 1,75,025 ഇന്ത്യൻ തീർത്ഥാടകർ സൗദി അറേബ്യ സന്ദർശിക്കും.

3. റിയാദിൽ സെക്രട്ടറി സൗദി വിദേശകാര്യ മന്ത്രാലയത്തിലെ രാഷ്ട്രീയകാര്യ ഉപമന്ത്രി ഡോ. സൗദ് ബിൻ മുഹമ്മദ് അൽ സതിയുമായി പ്രധാനപ്പെട്ട വിഷയങ്ങളിൽ ചർച്ചകൾ നടത്തി. ഉഭയകക്ഷി പ്രാധാന്യമുള്ളതും ഇരുകൂട്ടർക്കും താൽപ്പര്യവുമുള്ള നിരവധി വിഷയങ്ങൾക്ക് പുറമെ തന്ത്രപ്രധാന പങ്കാളിത്ത കൗൺസിലിന് (SPC) കീഴിലുള്ള പുരോഗതി അവലോകനം ചെയ്യുകയും ചെയ്തു. വിവിധ മേഖലകളിൽ സൗദിയുമായുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത സെക്രട്ടറി ആവർത്തിച്ചു.

4. സാമ്പത്തിക മേഖലയിൽ, വൈദ്യുതി കാര്യ സഹമന്ത്രി ശ്രീ. നാസർ അൽ ഖഹ്താനിയുമായും പെട്രോളിയം-പ്രകൃതിവാതക സഹമന്ത്രി മന്ത്രി ശ്രീ മുഹമ്മദ് അൽബ്രാഹിമുമായും പുനരുപയോഗ മേഖലയിലും ഗ്രിഡ് കണക്റ്റിവിറ്റിയിലും ഉൾപ്പെടെ ഊർജ്ജ മേഖലയിലെ സഹകരണം ശക്തമാക്കുന്നത് സംബന്ധിച്ച ചർച്ചകൾ സെക്രട്ടറി നടത്തുകയുണ്ടായി. ഇരുരാജ്യങ്ങൾക്കും ഇടയിലുള്ള നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനെക്കുറിച്ചും ചർച്ച നടന്നു. സൗദി സെന്റർ ഫോർ ഇന്റർനാഷണൽ സ്ട്രാറ്റജിക് പാർട്ണർഷിപ്പിന്റെ (SCISP) പ്രസിഡന്റും സിഇഒയുമായ ഡോ. റാദ് അൽ ബറകാത്തിയുമായി നടത്തിയ പ്രത്യേക

കൂടിക്കാഴ്ചയിൽ, SPC-യുടെ സാമ്പത്തിക പിന്തുണയിലുള്ള പ്രവർത്തനങ്ങൾ ഇരുപക്ഷവും അവലോകനം ചെയ്തു.

5. ഗൾഫ് സഹകരണ കൗൺസിലുമായുള്ള (GCC) കൂടിയാലോചന സന്ദർശനത്തിലെ പ്രധാന ശ്രദ്ധാകേന്ദ്രമായിരുന്നു. റിയാദിലെ GCC സെക്രട്ടറിയേറ്റ് സന്ദർശിച്ച സെക്രട്ടറി GCC അസിസ്റ്റന്റ് സെക്രട്ടറി ജനറൽ ഡോ. അബ്ദുലസീസ് അലുവെയ്ഷെഗുമായി കൂടിക്കാഴ്ച നടത്തി. വ്യാപാരം, സുരക്ഷ, ഊർജം, സാംസ്കാരിക വിനിമയം തുടങ്ങിയവ ഉൾപ്പെടെ വിവിധ മേഖലകളിൽ ഉടനീളം ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനെയും വിശാലമാക്കുന്നതിനെയും കുറിച്ച് ഇരു വിഭാഗവും ചർച്ച ചെയ്തു. പ്രാദേശിക, അന്താരാഷ്ട്ര സാഹചര്യങ്ങൾ സംബന്ധിച്ച വീക്ഷണങ്ങൾ ഇരുകൂട്ടരും പങ്കുവച്ചു.

6. സന്ദർശന വേളയിൽ, സൗദി അറേബ്യയിലെ 2.4 ദശലക്ഷം വരുന്ന ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമവും സെക്രട്ടറി അവലോകനം ചെയ്തു. ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കുന്നതിൽ സൗദി നേതൃത്വം നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. ജിദ്ദയിലെയും റിയാദിലെയും ഇന്ത്യ സമൂഹവുമായി അദ്ദേഹം സംവദിച്ചു. സൗദി അറേബ്യയുടെ സാമൂഹിക-സാമ്പത്തിക മേഖലയ്ക്ക് ഇന്ത്യൻ സമൂഹം നൽകുന്ന സംഭാവനകളെ സെക്രട്ടറി അഭിനന്ദിക്കുകയും ഇന്ത്യൻ സർക്കാരിന്റെ തുടർ പിന്തുണയും സഹായവും ഉറപ്പുനൽകുകയും ചെയ്തു.

7. സെക്രട്ടറിയുടെ (CPV&OIA) സന്ദർശനം ഇന്ത്യയും സൗദി അറേബ്യയും GCC-യും തമ്മിലുള്ള ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നതും പരസ്പര സഹകരണത്തിനും വളർച്ചയ്ക്കുമുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്നതുമാണ്.

**ന്യൂഡൽഹി**
**മേയ് 08, 2024**